FEELA KANNUR

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കോവിഡ് 19 ലോക്ക്ഡൗൺ - പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി യഥാസമയം കരാറുടമ്പടിയിലേർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നത് ഒഴിവാക്കി കരാറിൽ ഏർപ്പെടുന്നതിന് എഗ്രിമെന്റ് അതോറിറ്റികൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.682/2021/പൊ.മ.വ തീയതി,തിരുവനന്തപുരം, 28/07/2021

---

പരാമർശം:-
1. 04.08.2020 ലെ സ.ഉ(എം.എസ്) നം.60/2020/പൊ.മ.വ
2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 12.08.2020 ലെ സി.ഇ. പിഡബ്ല്യൂഡി/11085/2020-സി2(ഡബ്ല്യൂ)-ആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിനു മുമ്പും ശേഷവും വിവിധ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പ്രവൃത്തികൾ ടെണ്ടർ നടത്തുകയും കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണെന്നും എന്നാൽ ലോക്ക്ഡൗൺ കാരണം പ്രവൃത്തികളുടെ കരാറിലേർപ്പെടുന്നതിനായി കരാറുകാർക്ക് സ്റ്റാമ്പ് പേപ്പർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായവക്കാവശ്യമായ രേഖകൾ ലഭ്യമായിരുന്നില്ലെന്നും മാത്രമല്ല അവ അതാത് പൊതുമരാമത്ത് വകുപ്പ് കാര്യാലയങ്ങളിൽ ഹാജരാക്കാനോ നേരിട്ട് ഓഫീലെത്തി കരാറിൽ ഏർപ്പെടാനോ സാധിക്കാത്ത സ്ഥിതിയാണ് ലോക്ക്ഡൗൺ മൂലം ഉണ്ടായിരുന്നത് എന്നും ഇതുമൂലം കരാറുകാർക്ക് നിശ്ചിതസമയപരിധിക്കുള്ളിൽ കരാറിലേർപ്പെടുന്നതിന് സാധിച്ചിരുന്നില്ലെന്നും എന്നാൽ സമയപരിധി കഴിഞ്ഞിരിക്കുന്നതിനാൽ നിയമപ്രകാരം ഫൈൻ ഈടാക്കേണ്ടതായുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ കരാറുകാരുടെ ഭാഗത്ത് ന്യായമുള്ളതിനാലും തുടർനടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതിനാലും ഫൈൻ കൂടാതെ കരാറുടമ്പടി വയ്ക്കേണ്ടത് അത്യാവശ്യമാണെന്നും, പരാമർശം (1) പ്രകാരം കോവിഡ് സാഹചര്യം കണക്കിലെടുത്ത് നിലവിൽ സ്റ്റാമ്പ് പേപ്പർ, ഹാർഡ് കോപ്പി എന്നിവ ഒഴിവാക്കിയിട്ടുമുള്ള സാഹചര്യത്തിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി, മേൽ സാഹചര്യങ്ങൾ ഉറപ്പ വരുത്തിയശേഷം പിഴ കൂടാതെ കരാറിൽ ഏർപ്പെടുന്നതിന് എഗ്രിമെന്റ് അതോറിറ്റികൾക്ക് അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19

FEELA KANNUR

ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി യഥാസമയം കരാറുടമ്പടിയിലേർപ്പെടാൻ സാധിക്കാതിരുന്ന കരാറുകാരിൽ നിന്നും ആയത് ഉറപ്പ് വരുത്തിയശേഷം, നിലവിലെ നിയമ പ്രകാരമുള്ള പിഴ ഈടാക്കുന്നത് ഒഴിവാക്കി കരാറിൽ ഏർപ്പെടുന്നതിന് എഗ്രിമെന്റ് അതോറിറ്റികൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിന് 31.07.2021 വരെ സമയപരിധിയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.

പൊതുമരാമത്ത് വകുപ്പിലെ എല്ലാ എഗ്രിമെന്റ് അതോറിറ്റികൾക്കും

(ചീഫ് എഞ്ചിനീയർമാർ മുഖേന)

അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.

ധനകര്യ വകുപ്പ് (21.07.20 ലെ ഐ&പി.ഡബ്ല്യൂ-ബി2/49/2021 പ്രകാരം).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.